LIBRARY ARCHIVES Kerala Legislative Assembly

കുഴൽക്കിണർ നിർമ്മാണം

153(658) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ നിയോജകമണ്ഡലത്തിൽ നീണ്ടകര പഞ്ചായത്തിലെ രണ്ടാം വാർഡിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ (2019-20) നിന്നുള്ള തുക വിനിയോഗിച്ച് കുഴൽക്കിണർ നിർമ്മിക്കുന്നതിന് ഭൂജല വകുപ്പിനെ ചുമതലപ്പെടുത്തിയിരുന്നുവെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ ഇതുവരെ ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചവറ നിയോജകമണ്ഡലത്തിൽ നീണ്ടകര പഞ്ചായത്തിലെ രണ്ടാം വാർഡിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ (2019-20) നിന്നുള്ള തുക വിനിയോഗിച്ച് ഒരു ട്യൂബ് വെൽ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ട്യൂബ് വെൽ നിർമ്മാണം മൂന്നാം വാർഡിനുപകരം ഏഴാം വാർഡിലേയ്ക്ക് മാറ്റി സ്ഥാപിക്കണമെന്ന് 9-12-2019-ൽ ബഹുമാനപ്പെട്ട എം.എൽ.എ. അറിയിച്ചിരുന്നു. അതിൻപ്രകാരം ഏഴാം വാർഡിൽ നിർദ്ദേശിച്ച പ്രദേശത്ത് ഭൂജലപര്യവേക്ഷണം നടത്തുകയുണ്ടായി. ടി പ്രദേശം കുഴൽക്കിണർ നിർമ്മിക്കാൻ അനുയോജ്യമല്ലാത്തതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ സാധ്യമായിട്ടില്ല.

(ബി) പ്രസ്തുത കുഴൽക്കിണർ നിർമ്മാണം നടത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഉണ്ടോ; നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

7 - ാം വാർഡിൽ പുതിയ സ്ഥലം കണ്ടെത്തുന്ന മുറയ്ക്ക് ഭൂജല പര്യവേക്ഷണം നടത്തി പുതിയ ഭരണാനുമതി നൽകി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

റെഗുലേറ്ററുകളുടെ നവീകരണം

154(659) ശ്രീ. മുരളി പെരിനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കോൾനിലങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി നിർമ്മിച്ച ഏനാമാക്കൽ, ഇടിയഞ്ചിറ റെഗുലേറ്ററുകളുടെ നവീകരണത്തിനായി തയ്യാറാക്കിയ പദ്ധതിയുടെ അടങ്കൽ തുക ഓരോന്നിനും എത്രയാണെന്ന് വ്യക്തമാക്കാമോ?